തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ. റോഡുകൾ

115 [128] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഇതുവരെ എത്ര എം.എൽ.എ. റോഡുകളുടെ പണി ആരംഭിച്ചുകഴിഞ്ഞു;

(ബി) ഇവയുടെ നിയോജകമണ്ഡലം തിരിച്ചുള്ള ലിസ്റ്റ് നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ഇതുവരെ ഏഴ് എം.എൽ.എ. റോഡുകളുടെ പണി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കോട്ടയം ജില്ലയിലെ എം.എൽ.എ. റോഡുകൾ

116 [129] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ എം.എൽ.എ. റോഡുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം റോഡുകൾ ആണ് പി.ഡബ്ലിയു.ഡി. ഏറ്റെടുക്കാത്തത്;

(സി) ഓരോ റോഡും ഏറ്റെടുക്കുവാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ എം.എൽ.എ. റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ‡

(ബി) കോട്ടയം ജില്ലയിലെ എം.എൽ.എ. റോഡുകളിൽ പി.ഡബ്ലിയു.ഡി. ഏറ്റെടുത്തു കഴിഞ്ഞിട്ടില്ലാത്ത റോഡുകൾ താഴെപ്പറയുന്നവയാണ്.

(1) വൈക്കം നിയോജകമണ്ഡലത്തിലെ തിരുവേലിക്കുന്ന്—ആറ്റുവേലിക്കടവ് റോഡ്.

(2) ശ്രീ. സ്റ്റീഫൻ പാദുവ എം.എൽ.എ. ശുപാർശ ചെയ്ത വെള്ളൂർ—മഞ്ഞമറ്റം റോഡ്.

(3) കാരയ്ക്കാകുഴി—തോട്ടയ്ക്കാട് റോഡ്.

(സി) തിരുവേലിക്കുന്ന്—ആറ്റുവേലിക്കടവ് റോഡ് ഒരു പഞ്ചായത്ത് റോഡാണ്. ഇത് പി.ഡബ്ലിയു.ഡി. ഏറ്റെടുക്കുന്നതിനുള്ള അംഗീകൃതതത്വങ്ങൾ ഉൾക്കൊള്ളുന്നില്ല. വെള്ളൂർ—മഞ്ഞമറ്റം, കാരയ്ക്കാക്കുഴി—തോട്ടയ്ക്കാട് എന്നീ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ചീഫ് എഞ്ചിനീയറിൽനിന്നും ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

† അനുബന്ധം IV

‡ അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 115 (128) കാണുക]

The List of M.L.A. Roads in Trivandrum District on which the improvement works have been commenced.

1.	Thonnakkal Kaloor Manjamala road	: Kazhakkutam Constituency
2.	Anad Pulippara road	Nedumangad Constituency
3.	Attinpuram Perayam road.	Nedumangad Constituency
4.	Chenkavila Maradi Charottukunam road	Parassala Constituency.
5.	Kottamom Puthukkulam road.	Parassala Constituency.
6.	Ambalathumkala Theongampara road.	Aryanad Constituency.
7.	Kodithooki Kunnu Thengumcode Pongummoodu road.	Vamanapuram Constituency.

LIBRARY ARCHIVES Kerala Legislative Assembly